## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2529** **12/06/2018-ൽ മറുപടിയ്ക്ക്**

### സഹകരണബാങ്കുകളിൽ സ്ഥിരനിക്ഷേപത്തിന് കാലപരിധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും ജില്ലാ സഹകരണബാങ്കുകളിൽ സ്ഥിര നിക്ഷേപത്തിന് കാലാവധി പരിധി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ആറുമാസത്തിലധികം കാലാവധിയുള്ള സ്ഥിരനിക്ഷേപങ്ങൾ സ്വീകരിയ്ക്കാൻ പാടില്ലായെന്ന തരത്തിലുള്ള എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ആറ് മാസത്തിൽ (179 ദിവസത്തിൽ) കൂടുതൽ ദൈർഘ്യമുള്ള നിക്ഷേപങ്ങൾ ഒരു വർഷക്കാലത്തേക്കോ/കേരള ബാങ്ക് രൂപീകരിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ സ്വീകരിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബാങ്കിൽ നിലവിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള ഇടപാടുകാർക്ക് പലിശയിനത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. അതേ സമയം ബാങ്കിൽ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കി 179 ദിവസത്തിൽ അധികം പുതുക്കുമ്പോൾ മാത്രമാണ് പലിശയിനത്തിൽ കുറവ് വരുന്നത്. ഇത് പരിഹരിക്കുന്നതിനായി ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ടി സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ നഷ്ടം കുറയ്ക്കുന്നതിനായി നബാർഡ് നിർദ്ദേശിച്ച പ്രകാരം തയ്യാറാക്കിയിട്ടുള്ള മോണിറ്ററി ആക്ഷൻ പ്ലാൻ പ്രകാരമാണ് ഇപ്രകാരമുള്ള നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ നൽകിയത്. |
| (ബി) | ഇടപാടുകാരിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിൽ ഈ സർക്കാർ എന്തെങ്കിലും പുതിയ ഉത്തരവുകൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇടപാടുകാരിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിന് ഈ സർക്കാർ പുതിയ ഉത്തരവുകൾ നൽകിയിട്ടില്ല.<br>സഹകരണ സംഘം രജിസ്ട്രാറുടെ 2/2011 സർക്കുലർ നിർദ്ദേശ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ |

| | | | |
|---|---|---|---|
| | | | നിക്ഷേപിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഒരു മാസം പരമാവധി 10 തവണകളിൽ കൂടുതൽ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പരിധിയിൽ കൂടുതൽ പിൻവലിക്കുന്ന തുകകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം പുതിയ നിർദ്ദേശങ്ങൾ, പ്രതിസന്ധി നേരിടുന്ന സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇതു സംബന്ധിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ